(5) മൂവാറ്റുപുഴ മണ്ഡലത്തിൽ ബിനു എന്ന വിദ്യാർത്ഥി വൈദ്യുതി ഷോക്കേറ്റ് മരിച്ച സംഭവം

ശ്രീ. ജോണി നെല്ലൂർ : സർ, വളരെ വേദനാജനകമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. കഴിഞ്ഞ 3-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ നടുക്കരയിലെ പൈനാപ്പിൾ-പഴം സംസ്കരണ ഫാക്ടറിയുടെ സമീപത്ത് (വൈദ്യുതി ലൈൻ വളരെ താണ് കിടന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് വ്യാപകമായ പരാതികളുള്ള ഒരു സ്ഥലമാണ്) വളരെ താണുകിടന്ന വൈദ്യുതി ലൈനിൽനിന്ന് ഷോക്കേറ്റ് 19 വയസ്സുള്ള ബിനു എന്ന വിദ്യാർത്ഥി അതിദാരുണമാംവിധം മരണപ്പെട്ടു. ഏതാണ്ട് ഒരു വർഷത്തിന് മേലായി വൈദ്യുതി ലൈൻ ആളുകൾക്ക് കൈ എത്താവുന്ന ഉയരത്തിലാണെന്ന് പറഞ്ഞ് വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥൻമാർക്ക് ഒട്ടേറെ നിവേദനങ്ങൾ ജനപ്രതിനിധികളും ജനങ്ങളുമൊക്കെ നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥിയുടെ മരണം ശരിയായ അർത്ഥത്തിൽ പറഞ്ഞാൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുംവന്ന ഗുരുതരമായ വീഴ്ചകൊണ്ടുണ്ടായ ഒരു മരണം മാത്രമാണ്. ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കൊലക്കുറ്റം ചാർജ്ജ് ചെയ്യണമെന്നു പറഞ്ഞുകൊണ്ട് അവിടത്തെ പഞ്ചായത്ത് ഭരണസമിതിയംഗങ്ങളുൾപ്പെടെയുള്ള ആളുകളുടെ നേതൃത്വത്തിൽ ബഹുജനപ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്.. നിർദ്ധന കുടുംബത്തിലെ അംഗമായിരുന്നു ദാരുണമായി മരണപ്പെട്ട ബിനു. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു. ഒരു തൊഴിലാളി കുടുംബത്തിലെ, ജോർജ്ജ് എന്ന ഒരു തൊഴിലാളിയുടെ മകനായ 19 വയസ്സുള്ള ബിനു എന്ന വിദ്യാർത്ഥിയാണ് മരണപ്പെട്ടത്. ആ കുടുംബം അനാഥമായിരിക്കുകയാണ്. കുടുംബത്തിന് ഒരുലക്ഷം രൂപയെങ്കിലും അടിയന്തിരമായി സാമ്പത്തിക സഹായം നൽകി ആ നിർദ്ധന കുടുംബത്തെ പരിരക്ഷിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെ ഇത്രയേറെ കൃത്യവിലോപം കാണിച്ച ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ, ഇനിയും മരണമുണ്ടാകാനിടയുള്ള സാഹചര്യം നിലനിൽക്കുന്നതുകൊണ്ട്, ഇതുപോലുള്ള അപകടകരമായ കാര്യങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും അതിനാവശ്യമായ നിർദ്ദേശം നൽകണമെന്നും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 3.7.99-ന് വൈകിട്ട് 4.45-ന് മൂവാറ്റുപുഴ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിലുള്ള നടുക്കര എന്ന സ്ഥലത്തുവച്ച് ബിനു എന്ന ആൾ ഇലക്ട്രിക്കൽ ഷോക്കേറ്റ് മരിച്ചു. മണ്ണ് കയറ്റുന്ന ലോറിയിൽ സഞ്ചരിച്ചിരുന്ന ഈ ആൾ അപകടം നടന്ന സ്ഥലത്തിറങ്ങുമ്പോൾ ഷോക്കേൽക്കുകയാണ് ചെയ്തത്. സംഭവവുമായി ബന്ധപ്പെട്ട് ഓവർസിയർ, സബ് എഞ്ചിനീയർ, ലൈൻമാൻ എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ബിനുവിന്റെ കുടുംബത്തിന് ഡിമാന്റ് ചർച്ചക്കുള്ള മറുപടിയിൽ പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് ഇൻഷ്വറൻസിന്റെ ആനുകൂല്യം ബാധകമാക്കിക്കൊണ്ടുള്ള സാമ്പത്തിക സഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly